ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ : ആർ.എൽ.ഇ.ജി.പി. പദ്ധതി പ്രകാരം നടത്തുന്ന എല്ലാ വർക്കുകളും ബെനിഫിഷ്യറി കമ്മിറ്റി മുഖാന്തിരം ജനങ്ങളുടെ പ്രാതിനിധ്യത്തോടുകൂടി മാത്രമേ നടത്തുകയുള്ളു. സാമൂഹ്യ വനവൽക്കരണ പരിപാടി മാത്രം അങ്ങനെയല്ല നടക്കുന്നത്. അതുകൊണ്ട് ധാരാളം അഴിമതികൾ ഇതിൽ നടക്കുന്നുവെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് ബെനിഫിഷ്യറി കമ്മിറ്റിയെക്കൂടി ചുമതലപ്പെടുത്തിക്കൊണ്ട് ഇത് നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : അതിനുള്ള സംരംഭം ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ജില്ലാ മഹിളാ യൂണിയനുകളെക്കൊണ്ടാണ് മഹിളാ സമാജങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് ഈ പ്രവർത്തനം നടത്തുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സാമൂഹ്യ വനവൽക്കരണ പരിപാടി വനംവകുപ്പിന്റെ കീഴിലും സാമൂഹ്യ വികസന വകുപ്പിന്റെ കീഴിലും നടക്കുന്നുണ്ട്. അതിനുവേണ്ടി നീക്കിവയ്ക്കാവുന്ന മുഴുവൻ തുകയും സംഭരിച്ച് ഒരു ഏജൻസി മുഖേന കാര്യക്ഷമമായി ഇതിന്റെ പ്രവർത്തനം നടത്തുന്നതല്ലേ നല്ലത്. അതിന് പകരം ഇങ്ങനെ വികേന്ദ്രീകരിച്ച് മറ്റ് വിധത്തിൽ ചെയ്യുന്നത് കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇപ്പോഴത്തെ ഇത്തരത്തിലുള്ള പരാതികൾ ഉയർന്നുവന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമവികസന ഏജൻസി കൊണ്ടുവന്ന് ആർ.എൽ.ഇ.ജി.പി. യിലും എൻ.ആർ.ഇ.പി. യിലും അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ചുകൊണ്ട് സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

മഹാരാഷ്ട്രയിൽ നിന്നും അനുവദിച്ച സ്പിരിറ്റ്

* 262. [283] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ഒ. ഭരതൻ :
,, വി.ജെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാരാഷ്ട്രയിൽ നിന്ന് 1986 സെപ്റ്റംബർ മാസത്തേക്ക് കേരളത്തിന് അനുവദിച്ച സ്പിരിറ്റ് എത്രയാണ് ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ഷുഗർ ഫാക്ടറിയിലേക്ക് ടെൻഡർ വിളിക്കാതെ സ്പിരിറ്റ് ഇറക്കുമതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) മഹാരാഷ്ട്രയിൽ നിന്ന് 1986 സെപ്റ്റംബർ മാസത്തിൽ 20 ലക്ഷം ലിറ്റർ സ്പിരിറ്റ് കേരളത്തിന് അനുവദിച്ചിരുന്നു. അത്

LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ മാസത്തേക്ക് പ്രത്യേകിച്ചുള്ളതല്ല. നടപ്പ് ആറംക്കഫോം വർഷം തീരുന്നതുവരെ (30-11-1986) ഉള്ളതാണ്.

(ബി) 12-8-1986-ന് മുൻപ് ടെൻഡർ വിളിക്കാതെ 3 പൊതുമേഖലാ ഷുഗർ ഫാക്ടറികളും നെഗോഷ്യേറ്റ് ചെയ്ത് സ്പിരിറ്റ് ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ 12-8-1986-ൽ എക്സൈസ് മന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ടെൻഡർ വിളിച്ചുകൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനുശേഷം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ 5 ലക്ഷം ലിറ്റർ സ്പിരിറ്റ് ടെണ്ടർ വിളിക്കാതെ ഇറക്കുമതി ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. തൽസംബന്ധമായി അന്വേഷണം നടത്താൻ വ്യവസായ വകുപ്പ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഗവൺമെന്റിന് നേരിട്ട് നഷ്ടം ഉണ്ടായിട്ടില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ചിറ്റൂർ ഷുഗർമിൽ മുഖേന ഗവൺമെന്റിന് 5 ലക്ഷം ലിറ്റർ സ്പിരിറ്റ് നഷ്ടമുണ്ടായിട്ടുണ്ട്. ഗവൺമെന്റിന് നേരിട്ട് നഷ്ടമുണ്ടായില്ലെങ്കിലും ചിറ്റൂർ ഷുഗർമിൽ ഗവൺമെന്റിന്റെ നിർദ്ദേശം നടപ്പിലാക്കാതിരുന്നതിന്റെ ഫലമായി എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത് ; ആർക്കാണ് അതിന്റെ കോൺട്രാക്ട് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശിവദാസൻ : ആർക്കാണ് കോൺട്രാക്ട് കൊടുത്തിട്ടുള്ളതെന്ന് ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്ന് യാതൊരു കമ്മ്യൂണിക്കേഷനും ഗവൺമെന്റിന് കിട്ടിയിട്ടില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ വഴി അന്വേഷിച്ചപ്പോഴാണ് ഇങ്ങനെയാണ് വിവരം കിട്ടിയത്. ആ വിവരം ഞാൻ ഈ സഭയിൽ പറയുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സ്പിരിറ്റ് ഇറക്കുമതി ചെയ്യാൻ നെഗോഷ്യേറ്റ് ചെയ്ത വ്യക്തി ആരാണെന്ന് എക്സൈസ് ഡിപ്പാർട്ട്മെന്റിന് പരിശോധിക്കാൻ അവകാശമില്ലേ, ആർക്കാണ് കൊടുത്തതെന്ന കാര്യം മന്ത്രിക്ക് വ്യക്തമായിട്ടുണ്ട്. അത് എന്തുകൊണ്ടാണ് മറച്ചുവയ്ക്കുന്നത് ?

ശ്രീ. കെ. ശിവദാസൻ : എന്നിക്ക് മറച്ചുവയ്ക്കാൻ യാതൊന്നുമില്ല. 12-86 ൽ അവരെയൊക്കെ വിളിച്ച് ഒരു കോൺഫറൻസ് കൂടി, നെഗോഷ്യേറ്റ് ചെയ്യാതിരുന്ന സിസ്റ്റമാണ് ഇവിടെ നിലനിന്നിരുന്നത്. അത് ശരിയല്ല, ടെണ്ടർ വിളിച്ച്കൊടുക്കണമെന്നുപറഞ്ഞു. ഇത് എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലുള്ള ഉദ്യോഗസ്ഥൻമാരോ ഓഫീസിലുള്ളവരോ അല്ല. അവിടെ ടെലഫോൺ ഇല്ലാത്തതുകൊണ്ട് ചോദ്യത്തിന്റെ ഉത്തരവിന് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് കിട്ടിയ ടെലഗ്രാമിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. അങ്ങനെ കൊടുത്തതായി അറിയുന്നു എന്നുമാത്രമേ ആ ടെലഗ്രാമിൽ ഉണ്ടായിരുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly